**Deepika**

**10 August 2018**

**Paravoor, Coastal Areas, Flood**

# തീരമേഖലകളിൽ വെള്ളപ്പൊക്കം രൂക്ഷം

**പറവൂർ:** ഡാമുകൾ തുറന്നു വെള്ളം വിട്ടു തുടങ്ങിയതോടെ പെരിയാറും ചാലക്കുടിയാറും സംഗമിച്ച് കൊടുങ്ങല്ലൂർ കായലിലേക്ക് ഒഴുകുന്ന തീരമേഖലയിൽ വെള്ളപ്പൊക്കം രൂക്ഷമായി. രണ്ടു പുഴകളിലെയും കൈവഴികളും തോടുകളും മറ്റും നിറഞ്ഞ് കരകവിഞ്ഞൊഴുകുകയാണ്. ആയിരക്കണക്കിന് വീടുകളിൽ വെള്ളം കയറിയതിനാൽ പറവൂർ താലൂക്കിൽ 23 ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങി.

പുത്തൻവേലിക്കര വി.വി. സഭാ സ്കൂൾ, ഫാത്തിമാതാ പള്ളി ഹാൾ, ചെറുകടപ്പുറം ലൂർദ് മാതാ പള്ളി സ്കൂൾ ഹാൾ എന്നിവിടങ്ങൾ ഉൾപ്പെടെ 11 കേന്ദ്രങ്ങളിലാണ് ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നിട്ടുള്ളത്. ആലങ്ങാട് - 3, ചേന്ദമംഗലം, കരുമാല്ലൂർ, കടുങ്ങല്ലൂർ എന്നിവിടങ്ങളിൽ രണ്ടു വീതം ക്യാമ്പുകളും ഏലൂരിൽ ഒരു ക്യാമ്പുമാണ് തുറന്നിട്ടുള്ളത്. ഇവിടങ്ങളിൽ 300 കുടുംബങ്ങളുമുണ്ട്.

പുത്തൻവേലിക്കര, എളന്തിക്കര, കണക്കൻകടവ്, കോഴിത്തുരുത്ത്, കുത്തിയതോട്, മാളവന, സ്റ്റേഷൻകടവ് തുടങ്ങിയ സ്ഥലങ്ങളിൽ പുഴ കരകവിഞ്ഞ് ഒഴുകുകയാണ്. പുത്തൻവേലിക്കര എസ്ഐ ഇ.വി.ഷിബു, റവന്യു ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പറവൂരിൽ പെരുമ്പടന്ന എൽപിഎസ്, ഗവൺമെന്റ് എച്ച്എസ്എസ്, എസ്എൻ എച്ച്എസ്എസ് തുടങ്ങിയ ആറു സ്കൂളുകൾ ക്യാമ്പുകൾക്കായി തയാറാക്കിയിട്ടുണ്ട്. തഹസിൽദാർ എം.എച്ച്. ഹരീഷ്, ഡപ്യൂട്ടി തഹസിൽദാർമാരായ ടി.എഫ്. ജോസഫ്, കെ.ആർ. മുകുന്ദൻ എന്നിവരുടെ നേതൃത്വത്തിലും വെള്ളപ്പൊക്ക സ്ഥലങ്ങൾ സന്ദർശിച്ച് ദുരിതാശ്വാസ ക്യാമ്പുകൾ തയാറാക്കിയിട്ടുണ്ട്. പുഴയോരങ്ങളിൽ താമസിക്കുന്നവർ കൂടുതൽ വെള്ളം ഉയരുമോയെന്ന ഭീതിയിലാണ്.



**പുത്തൻവേലിക്കര കോഴിത്തുരുത്തിൽ 104 വയസുള്ള തളരി എന്ന വയോധികയെ വീട്ടിൽ വെള്ളം കയറിയതിനാൽ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റുന്നു.**

ചേന്ദമംഗലം പഞ്ചായത്തിൽ വി.പി. തുരുത്ത്, മാട്ടുപുറം, തെക്കുംപുറം, ചിറ്റാറ്റുകര, മുണ്ടുരുത്തി തുയിത്തറ, ഗോതുരുത്ത് എന്നിവിടങ്ങളിലും വെള്ളം കയറിയിട്ടുണ്ട്. ഇവിടെനിന്നും ആളുകളെ മാറ്റി പാർപ്പിക്കുന്നുണ്ട്. രോഗിയായ വീട്ടമ്മയെ നഗരസഭാ ചെയർമാൻ രമേഷ് ഡി കുറുപ്പ്, വത്സല പ്രസന്നകുമാർ, ഹെൽപ്പ് ഫോർ ഹെൽപ്ലെസ് പ്രവർത്തകരും ചേർന്ന് ആശുപത്രിയിലേക്കു മാറ്റി. ദുരിതാശ്വാസ ക്യാമ്പുകളിൽ വി.ഡി. സതീശൻ എംഎൽഎ സന്ദർശനം നടത്തി. ഭക്ഷണം, വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതായും അദ്ദേഹം അറിയിച്ചു.

## ഏലൂർ

**ഏലൂർ** നഗരസഭയിലെ കുറ്റിക്കാട്ടുകര, പാതാളം, ഐഎസി തുടങ്ങിയ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. പ്രദേശവാസികളെ രാവിലെ മുതൽ ഒഴിപ്പിച്ചു. ഇവരെ ഏലൂരിലെ നാലു ദുരിതാശ്വാസ ക്യാമ്പുകളിലേക്കാണ് മാറ്റിയത്. കളമശേരി നഗരസഭയിലെ ഗ്ലാസ്കോളനിയിലും മുട്ടാർ പുഴയുടെ തീരങ്ങളിലും രാവിലെ മുതൽ വെള്ളം കയറി. 39, 40, 41 വാർഡുകളിലാണ് ഏറ്റവും കൂടുതൽ വെള്ളം കയറിയത്. റോട്ടറി ഹാൾ, കുസാറ്റ് ഹാൾ, കാർബോറാണ്ടം ഹാൾ എന്നിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. കളമശേരി നഗരസഭയിലെ 10, 11, 12 വാർഡുകളിൽ വൈകിട്ടോടെയാണ് വെള്ളം ഉയർന്നത്.

## ചേരാനെല്ലൂർ

**ചേരാനെല്ലൂർ** ഗ്രാമപഞ്ചായത്തിൽ ഗോഡൗൺ റോഡ്, ഞാറ്റുവെട്ടി റോഡ്, കാവതിയാട്, വാലം തുടങ്ങി മുട്ടാർ പുഴയുടേയും ഇടയക്കുന്നം പുഴയുടേയും തീരത്തുള്ള വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വെള്ളം കയറി. 40 ഓളം കുടുംബങ്ങൾ ക്യാമ്പുകളിലേക്കും ബന്ധുവീടുകളിലേക്കും മാറി.

നോർത്ത് ഇടപ്പള്ളി ഗവ. സ്കൂളിലാണ് ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്നത്. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽനിന്ന് ആളുകളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സ്ഥലം സന്ദർശിച്ച ഹൈബി ഈഡൻ എംഎൽഎ അറിയിച്ചു.